# ഖുർആൻ ബോധനം 586

എ.വൈ.ആർ

### സൂറ-12

# യൂസുഫ്

مَا تَعْبُدُونَ مِن دُونِهِۦٓ إِلَّآ أَسْمَآءً سَمَّيْتُمُوهَآ أَنتُمْ
وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۚ أَمَرَ أَلَّا
تَعْبُدُوٓا۟ إِلَّآ إِيَّاهُ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا
يَعْلَمُونَ ﴿٤٠﴾

يَٰصَىٰحِبَىِ ٱلسِّجْنِ أَمَّآ أَحَدُكُمَا فَيَسْقِى رَبَّهُۥ خَمْرًا ۖ وَأَمَّا ٱلْءَاخَرُ فَيُصْلَبُ
فَتَأْكُلُ ٱلطَّيْرُ مِن رَّأْسِهِۦ ۚ قُضِىَ ٱلْأَمْرُ ٱلَّذِى فِيهِ تَسْتَفْتِيَانِ ﴿٤١﴾

وَقَالَ لِلَّذِى ظَنَّ أَنَّهُۥ نَاجٍ مِّنْهُمَا ٱذْكُرْنِى عِندَ رَبِّكَ فَأَنسَىٰهُ ٱلشَّيْطَٰنُ
ذِكْرَ رَبِّهِۦ فَلَبِثَ فِى ٱلسِّجْنِ بِضْعَ سِنِينَ ﴿٤٢﴾

**40** അല്ലാഹുവിനെകൂടാതെ നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതൊക്കെയും, നിങ്ങളും പൂർവ പിതാക്കളും വിളിച്ച ചില പേരുകളല്ലാതെ യാതൊന്നുമല്ല. അതിനൊന്നും അല്ലാഹു ഒരു പ്രമാണവുമവതരിപ്പിച്ചു തന്നിട്ടുമില്ല. ശാസനാധികാരമാകട്ടെ, അല്ലാഹുവിന്നല്ലാതെ മറ്റാർക്കുമില്ലാത്തതാകുന്നു. അവനല്ലാത്ത ആർക്കും മനുഷ്യർ അടിമപ്പെട്ടു കൂടാ എന്നത്രെ അവൻ അനുശാസിച്ചിട്ടുള്ളത്. അതാകുന്നു സാധുവായ ധർമം. പക്ഷേ, അധിക ജനവും അതറിയുന്നില്ല.

**41** എന്റെ ജയിൽ സഖാക്കളേ,നിങ്ങളിലൊരുവൻ സ്വന്തം യജമാനന്ന് പാനീയം വിളമ്പാൻ പോകും. മറ്റവനോ, കുരിശിലേറ്റപ്പെടുന്നതും അപ്പോൾ അവന്റെ ശിരസ്സിൽനിന്ന് പക്ഷികൾ കൊത്തിത്തിന്നുന്നതുമാകുന്നു. നിങ്ങൾ അന്വേഷിച്ച കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

**42** ആ രണ്ടു തടവുകാരിൽ രക്ഷപ്പെടുമെന്ന് കരുതിയവനോട് യൂസുഫ് ആവശ്യപ്പെട്ടു. നിന്റെ യജമാനനോട് എന്റെ കാര്യം സംസാരിക്കണം. പക്ഷേ, ചെകുത്താൻ അദ്ദേഹത്തെക്കുറിച്ചു യജമാനനോട് പറയാൻ അവനെ വിസ്മരിപ്പിച്ചു. അങ്ങനെ യൂസുഫ് കൊല്ലങ്ങളോളം തടവിൽ തന്നെ കഴിഞ്ഞു.

مَا تَعْبُدُونَ مِن دُونِهِۦٓ= അവനെ കൂടാതെ നിങ്ങൾ ആരാധിക്കുന്നില്ല (ആരാധിക്കുന്നതൊക്കെയും)
إِلَّآ أَسْمَآءً= ചില പേരുകൾ (മാത്രമാകുന്നു) അല്ലാതെ سَمَّيْتُمُوهَآ= അതിനെ നിങ്ങൾ വിളിച്ചു(നിങ്ങൾ വിളിച്ചതായ)
أَنتُمْ وَءَابَآؤُكُم= നിങ്ങളും നിങ്ങളുടെ പിതാക്കളും مَّآ أَنزَلَ ٱللَّهُ بِهَا= അല്ലാഹു അതിന്ന് അവതരിപ്പിച്ചു തന്നിട്ടില്ല
مِن سُلْطَٰنٍ= യാതൊരു പ്രമാണവും إِنِ ٱلْحُكْمُ= ശാസനാധികാരം(ആകട്ടെ) ഇല്ലാത്തതാകുന്നു
إِلَّا لِلَّهِ= അല്ലാഹുവിന്നല്ലാതെ(മറ്റാർക്കും) أَمَرَ= അവൻ കൽപിച്ചു(അനുശാസിച്ചിട്ടുള്ളത്)
أَلَّا تَعْبُدُوٓا۟= നിങ്ങൾ(മനുഷ്യർ)ഇബാദത്തു ചെയ്യാതിരിക്കൽ(അടിമപ്പെട്ടു കൂടാ എന്നത്രെ) إِلَّآ إِيَّاهُ= അവനല്ലാതെ
ذَٰلِكَ ٱلدِّينُ ٱلْقَيِّمُ= അതാകുന്നു നേരായ, സാധുവായ ധർമം وَلَٰكِنَّ أَكْثَرَ ٱلنَّاسِ= പക്ഷേ, അധിക ജനവും

لَا يَعْلَمُونَ= അവർ അറിയുന്നില്ല يَٰصَٰحِبَيِ ٱلسِّجْنِ= എന്റെ ജയിൽ സഹാക്കളേ أَمَّآ أَحَدُكُمَا= എന്നാൽ നിങ്ങളിലൊരുവൻ

فَيَسْقِى رَبَّهُۥ= (വിളമ്പാൻ പോകും) അവൻ അവന്റെ യജമാനനെ കുടിപ്പിക്കും خَمْرًا= മദ്യം, പാനീയം

وَأَمَّا ٱلْأَخَرُ= എന്നാൽ മറ്റവനോ فَيُصْلَبُ= (ന്നതും) അവൻ കുരിലേറ്റപ്പെടും فَتَأْكُلُ ٱلطَّيْرُ= അപ്പോൾ പക്ഷികൾ തിന്നുന്നതുമാകുന്നു

مِن رَّأْسِهِۦ= അവന്റെ ശിരസ്സിൽനിന്ന് قُضِىَ ٱلْأَمْرُ= കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു

ٱلَّذِى فِيهِ تَسْتَفْتِيَانِ= (അന്വേഷിച്ച കാര്യം) നിങ്ങൾ രണ്ടു പേർ വിധി തേടിയതെന്തിലാണോ അത്

وَقَالَ= (യൂസുഫ് ആവശ്യപ്പെട്ടു) അവൻ പറഞ്ഞു لِلَّذِى ظَنَّ أَنَّهُۥ نَاجٍ= താൻ രക്ഷപ്പെട്ടു(ടും) എന്നു കരുതിയവനോട്

مِّنْهُمَا= അവ (ആ രണ്ടു തടവുകാർ)രിൽനിന്ന് ٱذْكُرْنِى= (എന്റെ കാര്യം സംസാരിക്കേണം) നീ എന്നെ ഓർക്കേണം

عِندَ رَبِّكَ= നിന്റെ യജമാനന്റെ(രാജാവിന്റെ) അടുത്ത് فَأَنسَىٰهُ ٱلشَّيْطَٰنُ= പക്ഷേ, ചെകുത്താൻ അവനെ വിസ്മരിപ്പിച്ചു

ذِكْرَ رَبِّهِۦ= (യാൻ) അവന്റെ യജമാനനോട് പറയൽ فَلَبِثَ= (കഴിഞ്ഞു) അങ്ങനെ യൂസുഫ് താമസിച്ചു

فِى ٱلسِّجْنِ= (തന്നെ) തടവിൽ بِضْعَ سِنِينَ= ഏതാനും കൊല്ലങ്ങൾ

**40:** മുൻ സൂക്തത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യത്തിന്റെ ശരിയായ ഉത്തരം മനുഷ്യബുദ്ധിയും പ്രപഞ്ചത്തിന്റെ നിലനിൽപും അംഗീകരിക്കുന്നത് ഒരേയൊരു വിധാതാവിന്റെ അസ്തിത്വമാണെന്നാകുന്നുവെന്ന് സ്പഷ്ടമാണ്. തുറന്നു പറഞ്ഞാലും ഇല്ലെങ്കിലും അവരുടെ മനസാക്ഷി നിസങ്കോചം സമ്മതിക്കുന്നതാണാ ഉത്തരം. പക്ഷേ, തങ്ങളുടെ സമുദായം വിമർശനമന്യെ ബഹുദൈവങ്ങളെ ആരാധിച്ചുവരുന്നു. ആവശ്യങ്ങളും ആവലാതികളും അവർക്കു മുമ്പിൽ സമർപ്പിക്കുന്നു. പൂജാദി കർമങ്ങളിലൂടെ അവയെ പ്രസാദിപ്പിക്കുന്നു. അവരുടെ അനുഗ്രഹമാണ് തങ്ങളുടെ സർവൈശ്വര്യങ്ങളും എന്നാണ് വിശ്വാസം. ഇതൊക്കെ തെറ്റാണെന്നു പറയാമോ? ഈ വിശ്വാസവും ആചാരവും ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. തലമുറകളായി പിന്തുടർന്നുവരുന്നതാണ്. സ്വന്തം പൂർവികരെല്ലാം ഇക്കാര്യത്തിൽ പിഴച്ചവരായിരുന്നുവെന്ന് പറയാമോ? ഈ സന്ദേഹങ്ങൾക്കുള്ള മറുപടിയാണീ സൂക്തം. നിങ്ങളാരാധിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളൊക്കെയും സൃഷ്ടി, സ്ഥിതി, സംഹാരങ്ങളിൽ യാതൊരു പങ്കുമില്ലാത്തവരാകുന്നു. യഥാർഥത്തിൽ ഉള്ളതിൽനിന്നല്ലേ കഴിവും കർമവും പ്രതീക്ഷിക്കാവൂ. റബ്, അബീസ്, കാളി, കൂളി തുടങ്ങിയ ദൈവങ്ങൾക്കൊന്നും നിങ്ങളും പൂർവികരും വിളിച്ച ഓരോ പേരുകൾ എന്നതിൽ കവിഞ്ഞ ഒരു യാഥാർഥ്യവുമില്ല. ദൈവത്തിന് അങ്ങനെ ചില പങ്കാളികളുണ്ടെന്നതിന് ദൈവം ബൗദ്ധികമോ വൈദികമോ ആയ പ്രമാണങ്ങൾ അവതരിപ്പിച്ചു തന്നിട്ടുമില്ല. ഉണ്ടെങ്കിൽ മനുഷ്യ ബുദ്ധിക്ക് അത് കണ്ടെത്താനാകുമായിരുന്നു. അഥവാ അതിനു സാധിച്ചില്ലെങ്കിൽ അല്ലാഹു നിയോഗിച്ച പ്രവാചകന്മാരും വേദങ്ങളും പറഞ്ഞുതരുമായിരുന്നു. ഒരു തെളിവുമില്ലാതെ തോന്നുന്നതിനെയൊക്കെ ദൈവമാക്കാനും ആരാധിക്കാനും മനുഷ്യന്നവകാശമില്ലല്ലോ. ആരെങ്കിലും വന്ന് ഞാൻ ഭഗവാനാണെന്ന് വെറുതെയങ്ങ് പറഞ്ഞാൽ അതംഗീകരിച്ചുകൊടുക്കുന്നത് മഹാമൂഢതയാണ്. ദൈവം തന്നെയാണ് സാക്ഷാൽ ദൈവം ആരാണെന്ന് വ്യക്തമാക്കിത്തരേണ്ടത്. അവന്ന് പങ്കാളികളോ സഹായികളോ ഉണ്ടെങ്കിൽ അതും പറഞ്ഞുതരേണ്ടത് അവനാണ്. സർവശാസനാധികാരങ്ങളും സാക്ഷാൽ ദൈവത്തിൽമാത്രം നിക്ഷിപ്തമാകുന്നു. അവൻ കൽപിക്കുന്നതനുസരിക്കുക മാത്രമാണ് സർവചരാചരങ്ങളുടെയും ധർമം. അതാണവ ചെയ്തുകൊണ്ടിരിക്കുന്നതും. പക്ഷേ, മനുഷ്യന്ന് ചില കാര്യങ്ങളിൽ ഈ ധർമത്തിൽനിന്ന് വ്യതിചലിക്കാൻ കഴിവു നൽകിയിട്ടുണ്ട്. മനുഷ്യൻ തനിക്കു കഴിയുന്ന കാര്യങ്ങളിൽ ധർമം ലംഘിക്കാനും തന്നിഷ്ടം പ്രവർത്തിക്കാനുമല്ല ഇങ്ങനെ സ്വാതന്ത്ര്യം നൽകിയിട്ടുള്ളത്, മറിച്ച് അവർ ബോധപൂർവം ധർമ മാർഗം തെരഞ്ഞെടുക്കുന്നതിനുവേണ്ടിയാണ്. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്ന് അടിമപ്പെടുകയും അവന്റെ നിയമമനുസരിച്ച് കൈയാളുകയും ചെയ്യാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. ആ കടമ നിർവഹിക്കുകയാണ് ഏറ്റവും ശരിയും സാധുവുമായ മാനവധർമം – മതം. പക്ഷേ, അധിക മനുഷ്യരും ലളിതമായ ഈ സത്യം മനസ്സിലാക്കുന്നില്ല. അവർ തന്നെപ്പോലുള്ള സൃഷ്ടികൾക്ക് അടിമത്വമർപ്പിക്കുന്നു. അവയോട് പ്രാർഥിക്കുന്നു. അവർക്ക് നേർച്ച വഴിപാടുകളർപ്പിക്കുന്നു. അല്ലാഹുവിന്റെ നിയമങ്ങൾ അവഗണിച്ചുകൊണ്ട് പൈശാചിക കേന്ദ്രങ്ങളിൽനിന്ന് നിയമ വ്യവസ്ഥകൾ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ഭൂരിപക്ഷം മനുഷ്യർ അകപ്പെട്ടു പോയിട്ടുള്ള ഈ അജ്ഞതയിൽനിന്നും അനാചാരത്തിൽനിന്നും രക്ഷപ്പെട്ട് ദൈവികമായ സത്യധർമം കൈക്കൊള്ളുകയാണ് മർത്യ ജന്മം സാർഥകമാക്കാനുള്ള ഏകമാർഗം. യൂസുഫ്(അ) ഈ പ്രബോധനം നടത്തിയ സാഹചര്യവും അദ്ദേഹം സ്വീകരിച്ച പ്രബോധന തന്ത്രവും ശൈലിയുമെല്ലാം സൂക്ഷ്മമായി പഠിച്ചുനോക്കിയാൽ എക്കാലത്തെയും ഇസ്‌ലാമിക പ്രബോധകന്മാർക്ക് വിലപ്പെട്ട പല പാഠങ്ങളും ലഭിക്കുന്നതാണ്.

**41:** സഹതടവുകാർ ആവശ്യപ്പെട്ട സ്വപ്നഫലം പ്രസ്താവിക്കുകയാണീ സൂക്തം. ഒപ്പം അവർ ആവശ്യപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഫലപ്രഖ്യാപനം കേട്ടാൽ അവരുടെ മനസ്സിൽ ഉയരാവുന്നതുമായ ചോദ്യങ്ങൾക്കുള്ള ഉത്തരവും കൂടി വെളിപ്പെടുത്തുന്നു. അതാണ് قُضِىَ ٱلْأَمْرُ എന്നു തുടങ്ങുന്ന വാക്യം. ഈ വിധി അച്ചട്ടാണോ? അതിൽ വല്ല നീക്കുപോക്കുമുണ്ടാകുമോ? പാനീയക്കാരന്റെ രക്ഷ തടയപ്പെടുന്ന വല്ല പ്രതിബന്ധവും ഉണ്ടാവാനിടയുണ്ടോ? ഇത്തരം സംശയങ്ങളെല്ലാം അസ്ഥാനത്താണെന്നും, തന്റെ പ്രവചനം അതേപടി പുലരുകതന്നെ ചെയ്യുമെന്നും, അത് അല്ലാഹു വിധിച്ചു കഴിഞ്ഞകാര്യമാണെന്നുമാണ് യൂസുഫ്(അ) വ്യക്തമാക്കുന്നത്. تَسْتَفْتِيَانِ എന്നത് فتوى യിൽനിന്നുള്ള استفتى എന്ന ക്രിയയുടെ വർത്തമാന രൂപമാണ്. അറിയാത്ത പ്രശ്നത്തെക്കുറിച്ച് ചോദിക്കുകയാണ് استفتاء. അതിനു നൽകപ്പെടുന്ന മറുപടിയാണ് فتوى. മറുപടി പ്രവചനമാവാം, നിയമവിധിയുമാവാം. നിയമവിധി എന്ന അർഥത്തിലാണ് ഇസ്‌ലാമിക ശരീഅത്തിൽ ഈ പദം അധികവും ഉപയോഗിക്കാറുള്ളത്.

**42:** യൂസുഫ്(അ) സ്വപ്ന ഫലങ്ങള്‍ പറഞ്ഞു കൊടുത്ത യുവാക്കളില്‍ വധശിക്ഷയില്‍നിന്നു രക്ഷപ്പെടുകയും ജയില്‍ മുക്തനായി വീണ്ടും രാജാവിന്റെ പാനീയം തയാറിപ്പുകാരനായി നിയമിക്കപ്പെടുകയും ചെയ്യുമെന്ന് കരുതിയവനോട് അദ്ദേഹം നടത്തിയ ഒരഭ്യര്‍ഥനയെക്കുറിച്ചാണ് ഈ സൂക്തം സംസാരിക്കുന്നത്. അടിസ്ഥാനരഹിതമായ സങ്കല്‍പത്തെയും ഉത്തമബോധ്യത്തോടടുത്ത ധാരണയെയും ظن എന്നു പറയും. ഇവിടെ ظن ഉപയോഗിച്ചിരിക്കുന്നത് രണ്ടാമത്തെ അര്‍ഥത്തിലാണ്. തന്റെ സ്വപ്ന വിജ്ഞാനമനുസരിച്ച് അയാള്‍ രക്ഷപ്പെടേണ്ടതാണെങ്കിലും അന്തിമ തീരുമാനം അല്ലാഹുവിന്റെ ഹസ്തത്തിലാണ് എന്ന യൂസുഫി(അ)ന്റെ മനോഗതത്തെയാണ് ഈ പദപ്രയോഗം സൂചിപ്പിക്കുന്നത്. ജയില്‍ മോചിതനായി വീണ്ടും രാജകൊട്ടാരത്തില്‍ ജോലിക്കു ചേര്‍ന്നാല്‍, തഞ്ചവും തരവും നോക്കി തന്റെ കാര്യം രാജാവിനോടു സംസാരിക്കേണം എന്നാണദ്ദേഹം അഭ്യര്‍ഥിക്കുന്നത്. യൂസുഫ് തന്റെ നിരപരാധിത്വം നേരത്തെ അവരോട് പറഞ്ഞിരിക്കണം. അതെല്ലാം അവര്‍ വിശ്വസിച്ചിട്ടുമുണ്ട്. ഇപ്പോള്‍ സ്വപ്ന വ്യാഖ്യാനത്തിലൂടെ അദ്ദേഹത്തിന്റെ അപൂര്‍വ സിദ്ധിയും വിജ്ഞാനവും കൂടി അവര്‍ക്ക് ബോധ്യപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ചര്യയിലും സ്വഭാവത്തിലുമാകട്ടെ, ആദ്യം മുതലേ എല്ലാവര്‍ക്കും വലിയ മതിപ്പാണ്. തന്റെ നിരപരാധിത്വത്തെക്കുറിച്ചും സത്യസന്ധതയെക്കുറിച്ചുമൊക്കെ രാജസേവകന്‍ രാജാവിനോട് സംസാരിക്കുകയാണെങ്കില്‍ അതു തന്റെ ജയില്‍ മോചനത്തിനു വഴിതെളിയിക്കുമെന്ന് അദ്ദേഹം ന്യായമായും കരുതിക്കാണും. അയാള്‍ അങ്ങനെ ചെയ്യാമെന്ന് സമ്മതിക്കുകയും ചെയ്തു.

ജയില്‍ മോചിതനായ രാജസേവകന്‍ തന്റെ പഴയ ജോലിയില്‍ തിരിച്ചെത്തിയെങ്കിലും യൂസുഫിന്റെ കാര്യം രാജാവിനോടു സംസാരിക്കുന്ന കാര്യം തീരെ മറന്നുപോയി. ഈ മറവി ചെകുത്താന്‍ ഉണ്ടാക്കിയതായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഒരാള്‍ ചെയ്യാന്‍ നിശ്ചയിച്ച സല്‍കാര്യത്തില്‍ നിന്ന് അയാളെ അശ്രദ്ധനാക്കുന്നത് ചെകുത്താന്റെ പണിയാണെന്ന് ഇത് സൂചിപ്പിക്കുന്നു. അതും അല്ലാഹുവിന്റെ വിധിയില്‍ പെട്ടതാണ്. ഉദ്ദേശിക്കലും ആസൂത്രണം ചെയ്യലും മനുഷ്യന്റെ കടമയാണെങ്കിലും അതിന്റെ നടപ്പിലാകല്‍ അല്ലാഹുവിന്റെ ജ്ഞാനത്തെയും വിധിയെയും ആശ്രയിച്ചിരിക്കുന്നു. കുറച്ചു വര്‍ഷങ്ങള്‍ കൂടി യൂസുഫ്(അ) ജയിലില്‍ തന്നെ കിടക്കണമെന്നായിരുന്നു അല്ലാഹുവിന്റെ ജ്ഞാനത്തിന്റെയും ആസൂത്രണത്തിന്റെയും താല്‍പര്യം. അതിനാല്‍ അദ്ദേഹത്തിന്റെ മോചനത്തിന് സഹായിക്കാന്‍ കഴിയുമായിരുന്ന ജയില്‍ സഖാവ് പുറത്തുവന്ന ഉടനെ അദ്ദേഹത്തെ മറന്നുകളഞ്ഞു. അദ്ദേഹം ജയിലില്‍ തന്നെ കഴിയണമെന്ന് അല്ലാഹു ഉദ്ദേശിച്ച കാലത്തോളം ആ വിസ്മൃതി നീണ്ടുപോയി. അങ്ങനെ അദ്ദേഹത്തിന് ഏതാനും കൊല്ലങ്ങള്‍ കൂടി ജയിലില്‍ തന്നെ കഴിയേണ്ടി വന്നു. بِضْعَ سِنِينَ എന്നാണ് മൂലപദം. പത്തില്‍ താഴെയുള്ള സംഖ്യകളെക്കുറിക്കുന്ന പദമാണ് بضع. യൂസുഫി(അ)ന്റെ ജയില്‍വാസം നീണ്ടുപോയത് രണ്ടു കൊല്ലമാണെന്നും മൂന്നു കൊല്ലമാണെന്നും ഏഴുകൊല്ലമാണെന്നും ഒന്‍പതുകൊല്ലമാണെന്നും ഒക്കെ വ്യത്യസ്ത പ്രസ്താവനകളുണ്ട്. സുഹൃത്തുക്കള്‍ ജയില്‍ വിടുന്നതിനു മുമ്പും അതിനു ശേഷവുമായി അദ്ദേഹം ജയിലില്‍ കിടന്ന കാലം പതിനാലുകൊല്ലമാണെന്ന് ചിലരും പന്ത്രണ്ട് കൊല്ലമാണെന്ന് വേറെ ചിലരും ഒന്‍പതു കൊല്ലമാണെന്ന് ഇനിയും ചിലരും പറയുന്നു.

فَأَنسَىٰهُ ٱلشَّيْطَـٰنُ ذِكْرَ رَبِّهِۦ എന്ന വാക്യത്തിന് വ്യത്യസ്തമായ മറ്റൊരു വ്യാഖ്യാനവും കൂടിയുണ്ട്. ٱذْكُرْنِى عِندَ رَبِّكَ നിന്റെ യജമാനനോട് (മിസ്രയീം രാജാവിനോട്) എന്റെ കാര്യം സംസാരിക്കേണം എന്ന് യൂസുഫ് തന്റെ ജയില്‍ സഖാവിനോട് അഭ്യര്‍ഥിച്ചത് ഒരപരാധമായിരുന്നു. സ്വരക്ഷക്ക് ഒരു രാജാവിന്റെ കാരുണ്യത്തില്‍ പ്രതീക്ഷയര്‍പ്പിക്കുക, ആ രാജാവിന്റെ സേവകന്റെ ശിപാര്‍ശ തേടുക എന്നതൊന്നും അല്ലാഹുവിന്റെ സംരക്ഷണത്തിലും അനുഗ്രഹത്തിലും ദൃഢവിശ്വാസമുള്ള യൂസുഫിനെപ്പോലൊരു പ്രവാചകന് ഭൂഷണമായിരുന്നില്ല. തങ്ങളെ പൂര്‍ണമായും അല്ലാഹുവില്‍ സമര്‍പ്പിക്കുക(توكّل)യും അവനോടു മാത്രം സഹായമര്‍ഥിക്കുകയും ചെയ്യുകയായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നത്. ദൈവവിചാരം താല്‍ക്കാലികമായെങ്കിലും മനസ്സില്‍നിന്ന് മാഞ്ഞുപോയതു കൊണ്ടാണദ്ദേഹം രാജപ്രീതിയില്‍ പ്രതീക്ഷയര്‍പ്പിച്ചതും രാജസേവകന്റെ ശിപാര്‍ശ തേടിയതും. ഈ വിസ്മൃതി അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം അക്ഷന്തവ്യമായ വീഴ്ച തന്നെയായിരുന്നു. അതിന് അല്ലാഹുവിന്റെ ഭാഗത്തുനിന്നുണ്ടായ ശിക്ഷയായിരുന്നു അദ്ദേഹത്തിനു ഏതാനും വര്‍ഷങ്ങള്‍ കൂടി ജയിലില്‍ കഴിയേണ്ടി വന്നത്. ഈ വ്യാഖ്യാനക്കാര്‍ فَأَنسَىٰهُ ٱلشَّيْطَـٰنُ ذِكْرَ رَبِّهِۦ എന്ന വാക്യത്തിന് അര്‍ഥം കല്‍പിക്കുന്നത്, യൂസുഫ് തന്റെ വിധാതാവിനെ സ്മരിക്കുന്നത് ചെകുത്താന്‍ അദ്ദേഹത്തെ മറപ്പിച്ചു എന്നാണ്. أنساه എന്നതിലെ ه എന്ന സര്‍വനാമം സൂചിപ്പിക്കുന്നത് قال എന്ന ക്രിയയുടെ കര്‍ത്താവിനെയാണെന്നും ذِكْرَ رَبِّهِۦ എന്നതിലെ رب എന്ന പദം കുറിക്കുന്നത് വിധാതാവായ അല്ലാഹുവിനെയാണെന്നും അവര്‍ കരുതുന്നു.

ഉപരിസൂചിത വ്യാഖ്യാനത്തെ പിന്തുണക്കുന്ന ചില ഹദീസുകള്‍ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പൂര്‍വ പണ്ഡിതന്മാരായ ധാരാളം പേര്‍ ഈ വ്യാഖ്യാനം സ്വീകരിച്ചിരിക്കുന്നു. എങ്കിലും മുജാഹിദ്, ഇബ്നു കഥീര്‍, മുഹമ്മദ് ബിന്‍ ഇസ്ഹാഖ് തുടങ്ങിയ അതിപ്രഗത്ഭരായ പൂര്‍വിക പണ്ഡിതന്മാരും ഇമാം റശീദ് രിദാ, സയ്യിദ് മൗദൂദി, അല്ലാമാ ശഅ്റാവി, മൗലാനാ അമീന്‍ അഹ്സന്‍ ഇസ്ലാഹി തുടങ്ങിയ ആധുനിക ഖുര്‍ആന്‍ വ്യാഖ്യാതാക്കളും അതിനോട് ശക്തമായി വിയോജിച്ചിരിക്കുന്നു. അവരതിന് പലകാരണങ്ങള്‍ ചൂണ്ടികാണിക്കുന്നുണ്ട്. ഒന്നാമതായി, യൂസുഫ്(അ) രാജസേവകനോട് ശിപാര്‍ശ തേടിയത് തെറ്റായിരുന്നുവെന്നും തെറ്റിനുള്ള ശിക്ഷയായിരുന്നു ജയില്‍ വാസത്തിന്റെ ദൈര്‍ഘ്യമെന്നും സൂചിപ്പിക്കുന്ന ഹദീസുകളില്‍ ചിലത് കൃത്രിമ(موضوع)വും മറ്റുള്ളവ ഉത്തരം വിഷയങ്ങളില്‍ പ്രമാണ യോഗ്യമല്ലാത്തവിധം ദുര്‍ബല(ضعيف)വുമാണ്. രണ്ടാമതായി, فَأَنسَىٰهُ എന്നതിലെ ه സാധാരണ ഭാഷാ പ്രയോഗമനുസരിച്ച് തൊട്ടുമുമ്പ് പരാമര്‍ശിച്ച أَنَّهُۥ نَاجٍ എന്നതിലെ ه ന്റെ ആവര്‍ത്തനമാണ്. അതിന് മുമ്പ് പറഞ്ഞ قال യുടെ കര്‍ത്താവിനെയാണതു സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കണമെങ്കില്‍ വ്യക്തമായ സന്ദര്‍ഭൗചിത്യമുണ്ടായിരിക്കണം. ഇവിടെ അതില്ല. മൂന്നാമതായി, യൂസുഫ്(അ) രാജസേവകന്‍ മുഖേന രാജാവിന്റെ ദയ തേടിയത് ഒരു കുറ്റകൃത്യമാണെന്ന വാദം യുക്തിസഹമല്ല. അവിഹിത ലക്ഷ്യങ്ങള്‍ക്കു വേണ്ടി വിഹിതമോ അവിഹിതമോ ആയ മാര്‍ഗങ്ങള്‍ സ്വീകരിക്കുന്നതും വിഹിതമായ ലക്ഷ്യങ്ങള്‍ക്ക് വേണ്ടി അവിഹിതമായ മാര്‍ഗങ്ങള്‍ സ്വീകരിക്കുന്നതുമാണ് കുറ്റകരമായിട്ടുള്ളത്. അന്യായമായ തടങ്കലില്‍നിന്ന് രക്ഷപ്പെടാനുള്ള യൂസുഫ് നബിയുടെ ആഗ്രഹം ഒരിക്കലും അവിഹിതമല്ല. ആ അന്യായം വിധിച്ച അധികാരിയോടു തന്നെ മോചനം തേടുന്നതിലുമില്ല ഒരു തെറ്റും. രാജാവിനെ പ്രീതിപ്പെടുത്താനോ രാജസേവകനെ വശത്താക്കാനോ യൂസുഫ്(അ) അധാര്‍മികമായി എന്തെങ്കിലും ചെയ്തതായി യാതൊരു സൂചനയുമില്ല.

അന്യായമായി കാരാഗൃഹത്തിലടക്കപ്പെട്ട ഒരാള്‍

തന്നോട് അന്യായം ചെയ്തവരോട് മോചനം തേടുന്നത് ദൈവ വിചാരത്തിനു വിരുദ്ധമാണ് എന്ന നിലപാടിൽ യുക്തിയില്ല. ഇനി ചെകുത്താൻ ഇടപെട്ട് യൂസുഫ് നബിയെ ദൈവവിസ്മൃത നാക്കുകയായിരുന്നു എന്നു സമ്മതിച്ചാൽ തന്നെ ആ വിസ്മൃത നാക്കൽ അദ്ദേഹം രാജസേവകനോട് ശിപാർശ തേടിയ ആ നിമിഷത്തിലേക്കു മാത്രമായിരിക്കണം. പ്രവാചകന്മാരെ സംബ ന്ധിച്ചേടത്തോളം അത് അഭിലഷണീയമല്ലെങ്കിലും ശിക്ഷാർഹ മായ ഒരു കുറ്റമൊന്നുമല്ലെന്ന് ഖുർആനിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ട്. സൂറ *അൻആം* 67-ാം സൂക്തത്തിൽ പ്രവാച കനെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു وَإِمَّا يُنسِيَنَّكَ ٱلشَّيْطَٰنُ فَلَا تَقْعُدْ بَعْدَ ٱلذِّكْرَىٰ مَعَ ٱلْقَوْمِ ٱلظَّٰلِمِينَ (ചെ കുത്താൻ നിന്നെ വിസ്മരിപ്പിക്കുകയാണെങ്കിൽ ഓർമവന്ന ശേഷം നീ അധാർമികളായ ജനത്തോടൊപ്പം ഇരിക്കരുത്. സൂറ *കഹ്ഫ്* 23,24 സൂക്തങ്ങളിൽ പറയുന്നു.

وَلَا تَقُولَنَّ لِشَاْىْءٍ إِنِّى فَاعِلٌ ذَٰلِكَ غَدًا ﴿٢٣﴾ إِلَّآ أَن يَشَآءَ ٱللَّهُ ۚ وَٱذْكُر رَّبَّكَ

إِذَا نَسِيتَ وَقُلْ عَسَىٰٓ أَن يَهْدِيَنِ رَبِّى لِأَقْرَبَ مِنْ هَٰذَا رَشَدًا ﴿٢٤﴾

(ഒരു കാര്യത്തെക്കുറിച്ചും തീർച്ചയായും, അതു ഞാൻ നാളെ ചെയ്യുമെന്ന് നീ പറയരുത്. അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ നിനക്ക് ഒന്നും ചെയ്യാൻ കഴിയില്ല. നീ മറന്നുപോയാൽ ഉടനെ റബ്ബിനെ സ്മരിച്ചുകൊണ്ട് പ്രാർഥിക്കുക. എന്റെ നാഥൻ ഇതി നെക്കാൾ ഗുണകരമായതിലേക്ക് എന്നെ നയിച്ചുകൂടായ്കയി ല്ല). ഈ രണ്ടു സൂക്തങ്ങളും പ്രവാചകന്റെ വിസമൃതിയെ മനുഷ്യ സഹജമായ വീഴ്ചയായി കാണുന്നതോടൊപ്പം അങ്ങനെ സംഭവിച്ചാൽ സ്വീകരിക്കേണ്ട പരിഹാരവും നിർദേശി ച്ചിരിക്കുന്നു. ഇനി സഹതടവുകാരന്റെ മോചനത്തിനു ശേഷം രാജാവിന്റെ സ്വപ്ന സംഭവം വരെയുള്ള കാലത്ത് യൂസുഫ് നബി അല്ലാഹുവിനെ ഓർത്തില്ല എന്നാണെങ്കിൽ ഒരു പ്രവാച കൻ നിരവധി വർഷങ്ങൾ അല്ലാഹുവിനെ ഓർക്കുക പോലും ചെയ്യാതെ ചെകുത്താന്റെ സ്വാധീനത്തിൽ കഴിയുക എന്നത് പ്രവാചകൻമാരുടെ പാപസുരക്ഷിതത്വത്തിനു മാത്രമല്ല, സാമാന്യ ബുദ്ധിക്കും നിരക്കുന്നതല്ല. ■

---

## ചില സ്ഖലിതങ്ങൾ

ഖുർആൻ ബോധനം സൂറ യൂസുഫ് 12-ാം സൂക്തത്തിലെ അടിക്കുറിപ്പിൽ (പ്രബോധനം ലക്കം 2010 സെപ്റ്റംബർ 4) يَرْتَعْ എന്ന പദത്തിന് നൽകിയ വിശകലനത്തിൽ الرعي (മേഞ്ഞുതി ന്നൽ)ൽനിന്നുള്ള ارتعى യുടെ വർത്തമാന രൂപമാണ് يرتع എന്ന പ്രസ്താവന അവ്യക്തമാണ്.

رَتَعَ-يَرْتَعُ എന്ന ക്രിയയുടെ مجزوم രൂപമാണ് يَرْتَعْ എന്നല്ലേ ശരി? ارتعى യുടെ വർത്തമാനകാല ക്രിയയാണെങ്കിൽ مجزوم രൂപം يَرْتَعِ എന്നാണ് വരേണ്ടത്. رَتَعَ യിൽനിന്ന് رتعة ഉണ്ടാവുന്നു. ارتعى യിൽനിന്ന് رَتَعَ യും رُتْعَةٌ ഉം ഉണ്ടാവില്ല. يرتع ويلعب എന്ന ഖുർ ആൻ ഭാഗത്തിന് نرتع ونلعب എന്നും يرتعِ ويلعب എന്നും പാഠഭേദ ങ്ങൾ (قراءات) ഉണ്ട്. അപ്പോൾ يرتعِ എന്നും نرتعِ എന്നുമുള്ള രൂപ ങ്ങൾ ارتعى യുടെ വർത്തമാനകാലരൂപം (مجزوم) ആയിരിക്കും. ഖുർആൻ ബോധനത്തിൽ സ്വീകരിച്ച قراءةൽ يَرْتَعْ എന്നായതി നാൽ ഈ വിശദീകരണം നൽകിയിരുന്നെങ്കിൽ അവ്യക്തത ഉണ്ടാകുമായിരുന്നില്ല എന്ന് തോന്നുന്നു.

**അബ്ദുർറഹ്മാൻ പൊറ്റമ്മൽ അബൂദബി**